©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2026 ഫെബ്രുവരി 20
20th February 2026
1201 കുംഭം 8
8th Kumbham 1201
1947 ഫാൽഗുനം 1
1st Phalguna 1947

നമ്പർ
No.
705

കേരളസർക്കാർ

റവന്യൂ (ബി) വകുപ്പ്

തിരുത്തൽ വിജ്ഞാപനം

സ.ഉ.(അച്ചടി) നം.75/2026/റവ — തീയതി, തിരുവനന്തപുരം, 2026 ഫെബ്രുവരി 19.

എസ്. ആർ. ഒ. നമ്പർ 222/2026

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള 2013-ലെ ആക്ട് (2013 ലെ 30-ാം നമ്പർ കേന്ദ്ര ആക്ട്) 11-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പനുസരിച്ച് കേരളസർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് 23-01-2026-ലെ 297-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 22-01-2026-ലെ ജി.ഒ.(പി) 33/2026/ആർഡി. നമ്പർ ദീർഘിപ്പിക്കൽ വിജ്ഞാപനത്തിൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിസ്തീർണ്ണം 227.81 സെന്റ് എന്ന് തെറ്റായി രേഖപ്പെടുത്തിയത് "78.81 സെന്റ്" എന്ന് തിരുത്തൽ വരുത്തി ഭേദഗതി വരുത്തുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
ഗീത എ
അഡീഷണൽ സെക്രട്ടറി (റവന്യൂ)

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുള്ളതാണ്)

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ ചെക്കുപാലത്ത് ഉമ്മൻചിറ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന നടപടിയുമായി ബന്ധപ്പെട്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള 2013-ലെ ആക്ട് (2013-ലെ 30-ാം നമ്പർ കേന്ദ്ര ആക്ട്) 11 വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ 04-10-2024 ലെ 3105-ാം നമ്പർ (04-10-2024-ലെ നടപടി ഉത്തരവ് നം.DCKNR/2353/2023-C3) പ്രാഥമിക വിജ്ഞാപനത്തിൽ പുറമ്പോക്ക് ഭൂമിയും, സർക്കാർ വക ഭൂമിയും ഉൾപ്പെടുത്തി ആകെ 227.81 സെന്റ് വസ്തുവാണ് ഏറ്റെടുക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്. എന്നാൽ 07-11-2022-ലെ ജി.ഒ.(ആർ.റ്റി) നം.4507/2022/ആർഡി പ്രകാരം പുറപ്പെടുവിച്ച റവന്യൂ അനുമതി ഉത്തരവിലും, സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണവും 78.81 സെന്റ് ആണ്. ആയതിനാൽ 23-01-2026-ലെ 297-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 22-01-2026-ലെ ജി.ഒ.(പി) 33/2026/ആർഡി. നമ്പർ ദീർഘിപ്പിക്കൽ വിജ്ഞാപനത്തിൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം 227.81 സെന്റ് എന്ന് തെറ്റായി രേഖപ്പെടുത്തിയത് "78.81 സെന്റ്" എന്ന് തിരുത്തൽ വരുത്തി മേൽപറഞ്ഞ പ്രകാരം ഭേദഗതി വരുത്തുന്നു.

മേൽ ആവശ്യം കൈവരിക്കാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.20 02:21:42 +05:30